**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1891** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഗതാഗത വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗതാഗത വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദേവികുളം താലൂക്കിൽ മോട്ടോർ വാഹന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഗോത്ര വർഗ്ഗ വിഭാഗത്തിലെ ജനങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം ഉൾപ്പെടെ നൽകി ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കുന്നതിനു ദേവികുളം സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസും മാങ്കുളം ഗ്രാമപഞ്ചായത്തും സംയുക്തമായി പൊതുജനസഹകരണത്തോടെ നടപ്പിലാക്കിയ സന്നദ്ധ സേവന പദ്ധതിയാണ് ഗോത്രസേവ. ദേവികുളം താലൂക്കിലെ മാങ്കുളം പഞ്ചായത്തിലെ 13 കുടികളിലെ ഗോത്ര ജനങ്ങൾക്കിടയിൽ നിന്നും ഗുണഭോക്താക്കളെ കണ്ടെത്തി ലേണേഴ്സ് പരിശീലനം നൽകുകയും സേവൽകുടി ഗ്രാമത്തിൽ വച്ച് നടത്തിയ ലേണേഴ്സ് പരീക്ഷയിൽ 2 വനിതകൾ ഉൾപ്പെടെ 32 പേർ വിജയിക്കുകയും വിജയിച്ചവർക്ക് പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു. 2023 ഏപ്രിലിൽ 2 ഘട്ടങ്ങളിലായി ഡ്രൈവിംഗ് ടെസ്റ്റ് നടത്തുകയും വിജയിച്ച 28 പേർക്ക് ലൈസൻസ് വിതരണം ചെയ്യുകയും ചെയ്തു.<br><br>2. ഗോത്ര വർഗ്ഗ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം ഉൾപ്പെടെ നൽകി ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കിയ പദ്ധതിയാണ് കനവ്. മറയൂർ ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ മറയൂർ പഞ്ചായത്തിലെ ഗോത്ര വർഗ്ഗ വനിതകൾക്കായി ലേണേഴ്സ് ടെസ്റ്റ് നടത്തി വിജയിച്ച 43 വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം ഉൾപ്പെടെ നൽകി. ലോക ആദിവാസി ദിനമായ ഓഗസ്റ്റ് 9 ന് മറയൂർ ജയമാത സ്കൂളിൽ വച്ച് പ്രത്യേക ടെസ്റ്റ് നടത്തിയതിൽ വിജയിച്ച 31 പേർക്ക് ഡ്രൈവിംഗ് ലൈസൻസുകൾ വിതരണം ചെയ്തു. |

**അവബോധം**

3. ദേവികുളം താലൂക്കിലെ സ്കൂൾ കുട്ടികൾക്കിടയിൽ റോഡ് സുരക്ഷ സൃഷ്ടിക്കുന്നതിനായി സ്കൂളുകളിൽ റോഡ് സുരക്ഷാ സെമിനാറുകൾ നടത്തി.

4. ദേവികുളം താലൂക്കിലെ ഡ്രൈവിംഗ് സ്കൂൾ ഉടമകൾക്കും പരിശീലകർക്കും നിയമബോധന ക്ലാസ്സുകളും ബേസിക് ലൈഫ് സപ്പോർട്ട് ട്രെയിനിംഗും നൽകി.

5. ദേവികുളം താലൂക്കിലെ സ്കൂൾ ബസ് ഡ്രൈവർമാർക്കും അറ്റൻഡർമാർക്കും ട്രെയിനിംഗും ബേസിക് ലൈഫ് സപ്പോർട്ട് ട്രെയിനിംഗും നൽകി.

6. ബസ് ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കുമായി കൗൺസിലിംഗ്, നിയമ ബോധവൽകരണ ക്ലാസ്സുകൾ എന്നിവ നടത്തി.

7. ഡ്രൈവിംഗ് ടെസ്റ്റ് അറ്റൻഡ് ചെയ്യുന്ന എല്ലാവർക്കും റോഡ് സേഫ്റ്റി ക്ലാസ്സുകൾ നടത്തുന്നുണ്ട്.

8.അപകടരഹിത ഡ്രൈവിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും റോഡ് സുരക്ഷയെ ക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും വിവിധ റീലുകൾ, ഡോക്യുമെൻററികൾ എന്നിവ നിർമ്മിച്ചു.

9. റോഡ് സുരക്ഷ ബോധവൽകരണത്തിന്റെ ഭാഗമായി മിനി മാരത്തൺ, No Honking day awareness പ്രോഗ്രാമുകൾ, ഉൾനാടൻ ബസ് റൂട്ടുകൾ കണ്ടെത്തുന്നതിനായി ജനകീയ സദസ്സ്, വിവിധ അദാലത്തുകൾ ( One Time Tax, e challan) അടിമാലി വിശ്വദീപ്തി സ്കൂളിൽ വച്ച് 19/09/2025 ൽ ജുവനൈൽ ഡ്രൈവിംഗിനെതിരെ ക്യാമ്പയിൻ എന്നിവ നടത്തുകയും ചെയ്തു.

മൂന്നാർ ബസ് സ്റ്റേഷനിൽ ബഡ്ജറ്റ് ഫണ്ട്-5 കോടി രൂപ വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് മുഖേന ബസ് സ്റ്റേഷൻ ബിൽഡിംഗ്, യാർഡ് എന്നിവയുടെ നിർമ്മാണത്തിനായി ഭരണാനുമതി ലഭ്യമാക്കുന്ന നടപടികൾ കെ.എസ്.ആർ.ടിസി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ